**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2187** **01-09-2022 - ൽ മറുപടിയ്ക്ക്**

**ഭക്ഷ്യഭദ്രത നിയമ പ്രകാരമുള്ള വിജിലൻസ് കമ്മിറ്റികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | ഭക്ഷ്യഭദ്രത നിയമം നിലവിൽ വന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് വിജിലൻസ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് ഇവ നിലവിൽ വന്നതെന്നും ഏതെല്ലാം തലങ്ങളിലാണ് ഇവ രൂപീകരിച്ചിരിക്കുന്നതെന്നും വ്യക്തമാക്കുമോ; | (എ) | ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013, സംസ്ഥാ ഭക്ഷ്യഭദ്രതാ ചട്ടം, 2018 എന്നിവയെ അടിസ്ഥാനപ്പെടുത്തി 17.08.2018ലെ സ.ഉ(സാധാ)നം. 420/2018/ഭ.സി.സ.വ, 419/2018/ഭ.സി.സ.വ, 418/2018/ഭ.സി.സ. 417/2018/ഭ.സി.സ.വ പ്രകാരം സംസ്ഥാന, ജില്ലാ, താലൂക്ക്, റേഷൻകടതല വിജിലൻസ് കമ്മിറ്റികൾ രൂപീകരിക്കുന്നതിന് ഉത്തരവായതനുസരിച്ച് സംസ്ഥാന, ജില്ലാ, താലൂക്ക്തല വിജിലൻസ് കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. എന്നാൽ റേഷൻകടതല കമ്മിറ്റിയുടെ ഘടനയിൽ മാറ്റം ആവശ്യമായി വന്നതിനാൽ പ്രസ്തുത മാറ്റങ്ങൾ ഉൾപ്പെടുത്തി, 27.08.2022 എസ്.ആർ.ഒ നം.846/2022 പ്രകാരം സംസ്ഥാന ഭക്ഷ്യഭദ്രതാ ചട്ടം, 2018 ഭേദഗതി ചെയ്തിട്ടുണ്ട്. ടി ഭേദഗതിക്കനുസൃതമായി റേഷൻകടതല വിജിലൻസ് കമ്മിറ്റികൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |
| (ബി) | വിജിലൻസ് കമ്മിറ്റികൾ ഇതുവരെ എത്ര പരാതികൾ പരിഗണിച്ചിട്ടുണ്ട്; കമ്മിറ്റികളുടെ ജില്ലാതല പരാതി പരിഹാര ഓഫീസർമാരായ ഡി.ജി.ആർ.ഒ.മാർ എത്ര കേസുകളെടുത്ത് അന്വേഷണം നടത്തിയിട്ടുണ്ട്; ഇതിന്മേൽ അപ്പീൽ അധികാരമുള്ള സംസ്ഥാന ഭക്ഷ്യ കമ്മിഷന് എത്ര കേസുകൾ കൈമാറിയിട്ടുണ്ട്; | (ബി) | വിജിലൻസ് കമ്മിറ്റികളിൽ നാളിതുവരെ ലഭ്യമായ 7 പരാതികളിൽ 02 പരാതികൾ ജില്ലാതല പരാതിപരിഹാര ഓഫീസർമാർക്ക് കൈമാറിയിട്ടുണ്ട്. വിജിലൻസ് സമിതികൾക്ക് ലഭ്യമായ പരാതിയുടെ അടിസ്ഥാനത്തിലോ ഡി.ജി.ആർ.ഒ മാർ നേരിട്ടെടുത്ത കേസുകളിലോ സംസ്ഥാന ഭക്ഷ്യക്കമ്മീഷന് അപ്പീലുകളൊന്നും ലഭ്യമായിട്ടില്ല. |
| (സി) | വിജിലൻസ് കമ്മിറ്റികളുടെ ഡി.ജി.ആർ.ഒ.മാർ ആയി നിയമിക്കപ്പെടുന്നത് അഡീഷണൽ ജില്ലാ മജിസ്ട്രേട്ട് പദവിയുള്ള ഡെപ്യൂട്ടി കളക്ടർമാരാണോ; ഇവർക്ക് ഇത് സംബന്ധിച്ച പരാതികൾ കേൾക്കാൻ | (സി) | 13.10.2016ലെ സ.ഉ(കൈ)നം. 16/2016/ ഭ.പൊ.വി.വ പ്രകാരം ജില്ലാതല പരാതി പരിഹാര ഓഫീസർമാരായി അഡീഷണൽ ജില്ലാ മജിസ്ട്രേറ്റുമാരെ നിയമിച്ചിട്ടുണ്ട്. പ്രസ്തുത |

| | | | |
|---|---|---|---|
| | സമയക്കുറവ് ഉള്ളതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഇവർക്കു പകരം സിവിൽ സപ്ലൈസ് വകുപ്പിൽ നിന്നുള്ള ഉദ്യോഗസ്ഥരെ ഈ പദവിയിലേക്കു പരിഗണിക്കണമെന്ന നിവേദനങ്ങൾ സർക്കാരിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇത് സർക്കാരിന്റെ പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ? | | ഓഫീസർമാർക്ക് പരാതികൾ കേൾക്കാൻ സമയക്കുറവ് ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.<br><br>ജില്ലാതല പരാതി പരിഹാര ഓഫീസർമാരുടെ പദവിയിലേക്ക് സിവിൽ സപ്ലൈസ് വകുപ്പിൽ നിന്നുള്ള ഉദ്യോഗസ്ഥരെ പരിഗണിക്കണമെന്നാവശ്യ പ്പെട്ട് കേരള സിവിൽസപ്ലൈസ് ഓഫീസേഴ്സ് അസോസിയേഷൻ സമർപ്പിച്ച നിവേദനത്തിൻമേൽ പൊതുവിതരണ ഡയറക്ടറിൽ നിന്നുള്ള റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് തുടർനടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ